# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് ഒന്ന്

## ആമുഖം

കർത്താവിന്റെ കരുണയാൽ ഈ ജീവ-പഠനത്തിൽ നാം വേദപുസ്തകത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാട് പുസ്തകത്തിലേക്കു വരുന്നു. ദൈവത്തിന്റെ കൗശലക്കാരനായ ശത്രു നിമിത്തം വെളിപ്പാട് പുസ്തകം അടയ്ക്കപ്പെട്ടിരിക്കുന്നു, അതു നിമിത്തം കുറച്ചു ക്രിസ്ത്യാനികൾ മാത്രമേ അത് മനസ്സിലാക്കുന്നുള്ളൂ. വളരെ കുറച്ചുപേർ മാത്രമേ ഈ പുസ്തകത്തിൽ ജീവനെയും, ദൈവത്തിന്റെ വ്യവസ്ഥയെയും, യേശുവിന്റെ സാക്ഷ്യത്തെയും സംബന്ധിച്ച എന്തെങ്കിലും കണ്ടിട്ടുള്ളൂ. അങ്ങനെ, ഈ പുസ്തകത്തിന്റെ ഒരു ജീവ-പഠനം ഉണ്ടായിരിക്കുവാൻ കർത്താവ് ഞങ്ങളെ ഭാരപ്പെടുത്തി.

വെളിപ്പാട് ഒരു പ്രവചനപുസ്തകമാണ് (1:3; 22:7), കാരണം ഇതിൽ അടങ്ങിയിരിക്കുന്ന വെളിപ്പാട് പ്രവചന സ്വഭാവമുള്ളതാണ്. ദർശനങ്ങളിൽ മിക്കതും വരുവാനുള്ള കാര്യങ്ങളെ പരാമർശിക്കുന്നു. രണ്ടും മൂന്നും അധ്യായങ്ങളിലുള്ള ഏഴു സഭകൾക്കുള്ള ഏഴു ലേഖനങ്ങൾപോലും, അടയാളങ്ങളുടെ അർഥത്തിൽ, കർത്താവിന്റെ മടങ്ങിവരവുവരെ ഭൂമിയിലുള്ള സഭയെ സംബന്ധിച്ച പ്രവചനങ്ങളാണ്. ഈ പുസ്തകം ഒരു പ്രവചന പുസ്തകമാണെങ്കിലും, ഇത് വാക്കുകളിൽ മാത്രമുള്ള പ്രവചനമല്ല, ദർശകനു വെളിപ്പെടുത്തിയ ദർശനങ്ങളിലുള്ള പ്രവചനമാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, ഈ പുസ്തകത്തിൽ പ്രവചിച്ചിരിക്കുന്ന സകല കാര്യങ്ങളും സംഭവിച്ചു കഴിഞ്ഞതും സകലവും ദർശകന് ഒന്നിനുപുറകെ ഒന്നായി ദർശനങ്ങളിലൂടെ കാണിച്ചുകൊടുത്തതുമാണ്.

വെളിപ്പാട് പുസ്തകത്തിലെ മിക്ക ക്രിയകളും പൂർണ്ണക്രിയകളും ഭാവികാലത്തിലല്ല, ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങൾ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് ഭൂതകാലത്തിലാണ്. കൃത്യമായി പറഞ്ഞാൽ, വെളിപ്പാട് പുസ്തകം വെറുമൊരു പ്രവചനമല്ല; അത് സംഭവിച്ചുകഴിഞ്ഞ കാര്യങ്ങളുടെ വെളിപ്പാടാണ്. അത്

സംഭവിച്ചുകഴിഞ്ഞുവെന്ന് നമ്മുടെ ദൃഷ്ടിയിൽ തോന്നാതിരിക്കുമ്പോൾതന്നെ, ദൈവത്തിന്റെ ദൃഷ്ടിയിൽ അവ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ, ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സകലവും ഏകദേശം രണ്ടായിരം വർഷങ്ങൾക്കുമുമ്പ് സംഭവിച്ചു. നാം എല്ലാവരും ഇതു വിശ്വസിക്കണം. മിക്ക ക്രിസ്ത്യാനികളും വെളിപ്പാട് പുസ്തകത്തെ പ്രവചനങ്ങളുടെ ഒരു പുസ്തകമായി പരിഗണിക്കുകയും അവർ ഈ പ്രവചനങ്ങൾ മനസ്സിലാക്കുവാൻ ജിജ്ഞാസയുള്ളവരായിരിക്കുകയും ചെയ്യുന്നു. അവരിൽ അനേകരും അവരുടെ ജിജ്ഞാസ നിമിത്തം മാത്രം ഈ പുസ്തകം വായിക്കുന്നു. എന്നാൽ നാം കർത്താവിനോട്, "കർത്താവേ, ഇതിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. ജിജ്ഞാസയുടെ രീതിയിൽ ഈ പുസ്തകം അറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല" എന്ന് പറയണം. ഞാൻ ഒരിക്കൽകൂടെ ശക്തമായി പറയട്ടെ, വെളിപ്പാട് പുസ്തകം വെറുമൊരു പ്രവചനപുസ്തകമല്ല, പിന്നെയോ സംഭവിച്ചുകഴിഞ്ഞ കാര്യങ്ങളുടെ ഒരു വിവരണമാണ്.

വെളിപ്പാട് പുസ്തകത്തിൽ രണ്ടു മുഖ്യകാര്യങ്ങൾ സംഭവിച്ചുകഴിഞ്ഞു. ഒന്നാമത് യേശുവിന്റെ സാക്ഷ്യം നിത്യതയോളം നിവർത്തിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ പുതിയ യെരൂശലേമിനെ കണ്ടിട്ടില്ലേ? അപ്പൊസ്തലനായ യോഹന്നാൻ ഏകദേശം രണ്ടായിരം വർഷങ്ങൾക്കുമുമ്പ് അതിനെ കണ്ടു. നിങ്ങൾ പുതിയ യെരൂശലേമിലാണെന്നു വിശ്വസിക്കുന്നുവോ? ഇങ്ങനെ പറയുന്നതിൽ നാം ഭ്രാന്തന്മാരായി കാണപ്പെടുന്നുവെങ്കിൽ, വേദപുസ്തകപ്രകാരം നാം ഭ്രാന്തന്മാരാണ്. നൂറ്റാണ്ടുകളിലുടനീളമുള്ള ദൈവത്തിന്റെ വേലയുടെ ആത്യന്തിക പരിണതിയായ പുതിയ യെരൂശലേം പൂർണമായി പണിതുകഴിഞ്ഞിരിക്കുന്നു, നാം അതിലാണ്! വെളിപ്പാട് പുസ്തകത്തിന്റെ അവസാനത്തെ രണ്ട് അധ്യായങ്ങളനുസരിച്ച്, പുതിയ യെരൂശലേമിന്റെ നിർമ്മാണം പൂർത്തിയായിരിക്കുന്നു. ഈ ഒന്നാമത്തെ കാര്യം അനുലോമവശത്താണ്.

പ്രതിലോമവശത്ത് രണ്ടാമത്തെ മുഖ്യകാര്യം സംഭവിച്ചു—ദൈവത്തിന്റെ ശത്രുവായ സാത്താനോട് ഇടപെട്ടിരിക്കുന്നു. ദൈവത്തിന്റെ ദൃഷ്ടിയിലും നമ്മുടെ സഹോദരനായ യോഹന്നാന്റെ ദൃഷ്ടിയിലും, സാത്താൻ തീപ്പൊയ്കയിലേക്ക് എറിയപ്പെട്ടിരിക്കുന്നു (20:10). സാത്താൻ എന്ന പാമ്പ് തീപ്പൊയ്കയിലും, നാം പുതിയ യെരൂശലേമിലും ആണ്. ഇതു നിങ്ങൾ കണ്ടിട്ടുണ്ടോ? സാത്താൻ തീപ്പൊയ്കയിലാണെന്നു നാം കണ്ടിരിക്കുന്നുവെങ്കിൽ അവനോട് ഇടപെടുവാൻ നാം ദൈവത്തോട് അപേക്ഷിക്കുകയില്ല. മറിച്ച്, ശത്രുവിനോട് ഇടപെട്ടിരിക്കുന്നതിനാൽ നാം ദൈവത്തെ സ്തുതിക്കും. സാത്താൻ നമ്മെ ശല്യപ്പെടുത്തുമ്പോഴെല്ലാം,

"സാത്താനേ, നീ തെറ്റായ സ്ഥലത്താണു നിൽക്കുന്നത്. നീ ഇവിടെ ആയിരിക്കരുത്. നിന്റെ ഇടം തീപ്പൊയ്കയാണ്. നീ അവിടേക്കു മടങ്ങിപ്പോകുകയും ഇനി ഇങ്ങോട്ടു വരാതിരിക്കുകയും ചെയ്യുക" എന്നു നാം അവനോടു പറയണം. നിങ്ങൾ എപ്പോഴെങ്കിലും ഇതു ചെയ്തിട്ടുണ്ടോ? നാം എല്ലാവരും ഇതു ചെയ്യണം.

വേദപുസ്തകം എപ്പോഴും, ദൈവത്തിന്റെ ശത്രുവായ സാത്താന്റെ കാര്യത്തിൽപോലും, സ്ഥിരതയുള്ളതാണ്. ഉല്പത്തി 3-ൽ ഒരു പാമ്പിന്റെ രൂപത്തിൽ വന്നുകൊണ്ട്, വളരെ കൗശലപരമായ രീതിയിൽ സാത്താൻ മനുഷ്യത്വത്തിലേക്കു കടന്നുവന്നു. വെളിപ്പാട് പുസ്തകത്തിൽ, സാത്താനെ മനഃപൂർവമായി "പഴയ പാമ്പ്" എന്നു വിളിച്ചിരിക്കുന്നു (12:9; 20:2). ഉല്പത്തി പുസ്തകത്തിൽ പാമ്പ് അത്ര പഴയതായിരുന്നില്ല; എന്നാൽ വെളിപ്പാട് പുസ്തകത്തിൽ, അവൻ പഴയവനായിത്തീർന്നു, കുറഞ്ഞത് ആറായിരം വർഷം പഴക്കമുണ്ടായിരുന്നു. വ്യക്തമായ ഒരു നിശ്ചയത്തോടെ, വെളിപ്പാട് പുസ്തകം മനഃപൂർവമായി അവനെ "പഴയ പാമ്പ്" എന്നു വിളിക്കുന്നു. എങ്കിലും, വെളിപ്പാട് പുസ്തകത്തിന്റെ സമയത്ത്, സാത്താൻ "പഴയ പാമ്പ്" മാത്രമല്ല; അവൻ ഒരു വ്യാളിയായും തീർന്നിരിക്കുന്നു (12:9; 20:2). വെളിപ്പാട് പുസ്തകമനുസരിച്ച് ഈ വ്യാളി ഒന്നാമത് സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് തള്ളിയിടപ്പെട്ടു (12:7-9). പിന്നീട്, മൂന്നര വർഷത്തിനുശേഷം അവനെ ബന്ധിച്ച് അഗാധത്തിലേക്ക് എറിഞ്ഞു (20:1-3). വെളിപ്പാട് 20-ൽ നാം കാണുന്നത്, സാത്താൻ അപ്പോഴും ദൈവത്തിന്റെ കരങ്ങളിൽ അല്പം ഉപയോഗമുള്ളവനാകുന്നതിനാൽ, സഹസ്രാബ്ദത്തിന്റെ അവസാനത്തിൽ കർത്താവ് സാത്താനെ അഗാധത്തിൽനിന്ന് അഴിച്ചുവിടും എന്നാണ് (20:7). അവനെ അഴിച്ചുവിട്ടശേഷം, മനുഷ്യവർഗത്തെ നശിപ്പിക്കുവാൻ സാത്താൻ അവനാലാവോളം ശ്രമിക്കും, "അവൻ ഭൂമിയുടെ നാലു കോണുകളിലുമുള്ള രാഷ്ട്രങ്ങളെ, ഗോഗിനെയും മാഗോഗിനെയും, യുദ്ധത്തിനായി ഒന്നിച്ചു കൂട്ടിവരുത്തുവാൻ തക്കവണ്ണം, അവരെ വഞ്ചിക്കുവാനായി പുറപ്പെട്ടുപോകും" (20:8). എന്നാൽ അതിനുശേഷം പെട്ടെന്നുതന്നെ 20:10 അനുസരിച്ച് പിശാചിനെ തീപ്പൊയ്കയിലേക്കു തള്ളിയിടും; അതായിരിക്കും അവനെക്കുറിച്ചുള്ള ദൈവകല്പിതവും അവന്റെ ഉദ്ദിഷ്ടസ്ഥാനവും. അവനെക്കുറിച്ചുള്ള ദൈവകല്പിതവും ഉദ്ദിഷ്ടസ്ഥാനവും അനാവരണം ചെയ്തുകൊണ്ട് സാത്താനെ വെളിപ്പാട് പുസ്തകം തുറന്നുകാട്ടുന്നതുകൊണ്ട് ഈ പുസ്തകം അടയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ, അന്ത്യകാലത്ത്, ദൈവത്തിന്റെ ശത്രു തീപ്പൊയ്കയിലാണെന്നു നാം വ്യക്തമായി കാണേണ്ടതിന് കർത്താവ് ഈ പുസ്തകത്തെ തുറന്നുതരികയും, നമ്മുടെ ഹൃദയങ്ങളെയും, ആത്മാക്കളെയും, കണ്ണുകളെയും തുറന്നുതരികയും ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഹല്ലേലൂയ്യാ, പഴയ പാമ്പായ സാത്താൻ തീപ്പൊയ്കയിലും, നാം പുതിയ യെരൂശലേമിലും ആണ്!

പുതിയ യെരൂശലേം യേശുവിന്റെ സാക്ഷ്യമാണ്. ഇന്നത്തെ സഭയും യേശുവിന്റെ സാക്ഷ്യമാണ്. ഇന്ന് സഭകളിലുള്ള നാം ആണ് യേശുവിന്റെ സാക്ഷ്യം. നമ്മെത്തന്നെയും, നമ്മുടെ ബലഹീനതകളെയും, നമ്മെ അസഹ്യപ്പെടുത്തുന്ന പാപങ്ങളെയും, നാം ഭൂമിയിലാണെന്ന വസ്തുതയെയുംപോലും മറന്നുകൊണ്ട് നാം എല്ലാവരും ഇത് അങ്ങേയറ്റത്തോളം കാണണം. നിങ്ങൾ എവിടെയാണെന്ന് ആരെങ്കിലും ചോദിച്ചാൽ, "ഞാൻ പുതിയ യെരൂശലേമിലാണ്" എന്നു നിങ്ങൾ പറയണം. പുതിയ യെരൂശലേമിൽ മൂട്ടകളോ, തവളകളോ, തേളുകളോ, പാമ്പുകളോ ഇല്ല. കൂടാതെ, ആ നഗരത്തിൽ പാപമോ, മരണമോ, ലോകമോ ഇല്ല. ക്രിസ്തുവും ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരും രൂപാന്തരപ്പെട്ടവരുമായ ജനം ഒഴികെ അവിടെ യാതൊന്നും ഇല്ല. നാം ഇതു കാണുന്നുവെങ്കിൽ, നാം കർത്താവിനെ സ്തുതിക്കുകയും "ഹല്ലേലൂയ്യാ" പറഞ്ഞ് ആർക്കുകയും ചെയ്യും.

വെളിപ്പാട് 1:1 പറയുന്നു, "യേശു ക്രിസ്തുവിന്റെ വെളിപാട്, വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ തന്റെ അടിമകളെ കാണിക്കുവാനായി ദൈവം അത് അവനു നൽകി; അവൻ അത് തന്റെ ദൂതനിലൂടെ തന്റെ അടിമയായ യോഹന്നാന് അയച്ച്, അടയാളങ്ങളാൽ അതിനെ അറിയിച്ചുകൊടുത്തു." ഈ പുസ്തകത്തിലെ വെളിപാട് മുഖ്യമായും അടയാളങ്ങൾകൊണ്ട്, അതായത്, സഭകളെ സൂചിപ്പിക്കുന്ന ഏഴു നിലവിളക്കുകൾ, സഭകളുടെ ദൂതന്മാരെ സൂചിപ്പിക്കുന്ന ഏഴു നക്ഷത്രങ്ങൾ (1:20) തുടങ്ങിയ ആത്മിക സൂചിതാർഥമുള്ള പ്രതീകങ്ങൾകൊണ്ട്, രചിക്കപ്പെട്ടതാണ്. പുതിയ യെരൂശലേംപോലും ദൈവത്തിന്റെ വ്യവസ്ഥയുടെ ആത്യന്തിക പരിണതിയെ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു അടയാളമാണ് (അധ്യാ. 21, 22). അങ്ങനെ ഈ പുസ്തകം നമുക്ക് അടയാളങ്ങളിലൂടെ വെളിപാട് അറിയിച്ചുതരുന്ന അടയാളങ്ങളുടെ ഒരു പുസ്തകമാണ്. അവന്റെ മണവാട്ടിയായ സഭയെ ഉളവാക്കുവാൻ നമ്മുടെ ജീവനായിരിക്കേണ്ടതിന് ക്രിസ്തു എങ്ങനെ വന്നുവെന്നു സൂചിപ്പിക്കുന്ന അടയാളങ്ങളുടെ ഒരു പുസ്തകമാണ് യോഹന്നാന്റെ സുവിശേഷം. സഭയ്ക്കുവേണ്ടി ക്രിസ്തു ഇപ്പോൾ എങ്ങനെ കരുതുന്നുവെന്നും, ഭൂമിയെ ന്യായംവിധിക്കുവാനും അതിനെ സ്വന്തമാക്കുവാനും അവന്റെ മണവാട്ടിയായ സഭയെ ദൈവത്തിന്റെ പൂർണ്ണ വ്യവസ്ഥയിലേക്ക് കൊണ്ടുവരുവാനും അവൻ എങ്ങനെ വരുന്നുവെന്നും കാണിക്കുന്ന അടയാളങ്ങളുടെ ഒരു പുസ്തകമാണ് യോഹന്നാന്റെ വെളിപ്പാട്.

## I. ഒരു ഉപസംഹാര പുസ്തകം

വെളിപ്പാട് പുസ്തകം ഒരു ഉപസംഹാര പുസ്തകമാണ്. വെളിപ്പാട് പുസ്തകത്തെ വേദപുസ്തകത്തിൽനിന്നും നീക്കംചെയ്തിരുന്നുവെങ്കിൽ

ഒരു വലിയ കുറവുണ്ടാകുമായിരുന്നു, കാരണം ആരംഭമുണ്ട് എന്നാൽ അവസാനമില്ല. ഉല്പത്തി പുസ്തകത്തിൽ ആരംഭമുണ്ടെങ്കിലും, വെളിപ്പാട് പുസ്തകം ഇല്ലാതെ ഉപസംഹാരമോ പരിണതിയോ ഇല്ല. നല്ല ഒരു തുടക്കത്തിനുശേഷവും, നിരവധി വേലകളിലൂടെ കടന്നുപേ ായതിനുശേഷവും, ഒരു പരിണതി ഉണ്ടായിരിക്കേണ്ടത് ദൈവത്തിന് ആവശ്യമാണ്. വെളിപ്പാട് പുസ്തകം കൂടാതെ, ദൈവത്തിന്റെ വ്യവസ്ഥയുടെ ഉപസംഹാരമില്ല. ദൈവം വലിയവനാണ്; അവൻ ഉദ്ദേശ്യമുള്ള ദൈവമാണ്. അവന്റെ ഉദ്ദേശ്യം നിറവേറുന്നതിനുവേണ്ടി അവന്റെ വ്യവസ്ഥ നിവർത്തിയാകണം. അനേകം വേദപുസ്തക പഠിതാക്കൾ ദൈവത്തിന്റെ വ്യവസ്ഥ എന്ന വിഷയത്തെ അവഗണിച്ചിരിക്കുന്നു. നമുക്ക് വെളിപ്പാട് പുസ്തകം ഇല്ലായിരുന്നുവെങ്കിൽ, ദൈവത്തിന്റെ വ്യവസ്ഥയുടെ പരിണതി കാണുവാൻ കഴിയുമായിരുന്നില്ല. വാസ്തവത്തിൽ, അവന്റെ വ്യവസ്ഥയുടെ ഫലം, പരിണാമം നാം കാണുന്നില്ലാത്തതുകൊണ്ട് ദൈവത്തിന്റെ വ്യവസ്ഥ എന്താണെന്ന് മനസ്സിലാക്കുവാൻപോലും നാം പ്രയാസപ്പെടുമായിരുന്നു. എന്നാൽ ഈ പുസ്തകത്തിൽ ദൈവത്തിന്റെ വ്യവസ്ഥയുടെ ഉപസംഹാരം ഉള്ളതുകൊണ്ട് ദൈവത്തിന്റെ വ്യവസ്ഥയുടെ വെളിപാട് ഇതിൽ വളരെ വ്യക്തമാണ്.

വെളിപ്പാട് പുസ്തകം കൂടാതെ, ക്രിസ്തുവിന്റെ വീണ്ടെടുപ്പിനെ സംബന്ധിച്ചും നമുക്ക് ഉപസംഹാരം ഉണ്ടായിരിക്കുകയില്ല. വീണ്ടെടുപ്പ് നിവർത്തിക്കേണ്ടതിന് ക്രിസ്തു ജഡത്തിൽ വരുകയും ക്രൂശിൽ മരിക്കുകയും ചെയ്തു. എന്നാൽ വീണ്ടെടുപ്പ് എന്താണ് നിവർത്തിക്കുന്നത്? ക്രിസ്തുവിന്റെ വീണ്ടെടുപ്പ് പാപികളെ രക്ഷിക്കുകയും അവരെ സ്വർഗത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്നു എന്നു പറയുന്നത് വളരെ പരിതാപകരമായ ഉപസംഹാരമാണ്. ഇത്തരത്തിലുള്ള ഉപസംഹാരം അത്ര അർഥവത്തല്ല. എന്നാൽ വെളിപ്പാട് പുസ്തകത്തിൽ നാം കാണുന്നത് നമ്മെ ഒരു രാജ്യവും പുരോഹിതന്മാരും ആക്കേണ്ടതിന് തന്റെ രക്തംകൊണ്ട് നമ്മെ വിലയ്ക്കു വാങ്ങിക്കൊണ്ട് ക്രിസ്തു നമ്മെ വീണ്ടെടുത്തു എന്നാണ്. അതിനാൽ, ഈ പുസ്തകം ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ ഉപസംഹാരത്തെ വിശദമാക്കുന്നു.

ക്രിസ്തു "തന്റെ ദൈവവും പിതാവുമായവന് നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കി" എന്ന് വെളിപ്പാട് 1:6 പറയുന്നു. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശ്വാസികൾ ദൈവത്തിന്റെ രാജ്യത്തിലേക്ക് ദൈവത്താൽ ജനിച്ചവർ മാത്രമല്ല (യോഹ. 3:5), ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി ഒരു രാജ്യമാക്കപ്പെട്ടവരും ആണ്, അത് സഭയാണ് (മത്താ. 16:18-19). ഈ പുസ്തകത്തിന്റെ എഴുത്തുകാരനായ യോഹന്നാൻ ഈ രാജ്യത്തിൽ ആയിരുന്നു (1:9); വീണ്ടെടുക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്ത എല്ലാ വിശ്വാസികളും ഈ രാജ്യത്തിന്റെ ഭാഗമാണ് (റോമ. 14:17).

LD ഈ പുസ്തകത്തിന്റെ മുഖ്യവശങ്ങളിൽ ഒന്ന് സർവഭൂമിയെയും അവന്റെ രാജ്യമാക്കുന്നതിന് ഭൂമിയുടെമേലുള്ള തന്റെ അവകാശത്തെ ദൈവം പ്രത്യുദ്ധരിക്കുന്നതാണ് (11:15). ക്രിസ്തു വന്നപ്പോൾ അവനോടുകൂടെ ദൈവരാജ്യത്തെ അവൻ കൊണ്ടുവന്നു (ലൂക്കൊ. 17:21; മത്താ. 12:28). ഈ രാജ്യം സഭയായി വികാസംപ്രാപിച്ചിരിക്കുന്നു (മത്താ. 16:18-19); അത് സർവഭൂമിയിലേക്കും ദൈവരാജ്യത്തിന്റെ പരിണതിയെ കൊണ്ടുവരും. ഒരുവശത്ത്, ദൈവരാജ്യം ഇന്ന് സഭയിലാണ്, മറുവശത്ത് ദൈവരാജ്യം ജയാളികളായ വിശ്വാസികളിലൂടെയാണ് വരുന്നത് (12:10). അപ്പോൾ ക്രിസ്തുവും ജയാളികളായ വിശ്വാസികളും സഹസ്രാബ്ദരാജ്യത്തിൽ സകല ജാതികളുടെമേലും വാഴും (2:26-27; 12:5; 20:4, 6).

ക്രിസ്തുവിന്റെ രക്തത്തിലൂടെയുള്ള വീണ്ടെടുപ്പ് നമ്മെ ദൈവത്തിന് ഒരു രാജ്യമാക്കുക മാത്രമല്ല ചെയ്തത്, അവനു പുരോഹിതന്മാരാക്കുകയും ചെയ്തു (1 പത്രൊ. 2:5). രാജ്യം ദൈവത്തിന്റെ ആധിപത്യത്തിനു വേണ്ടിയും, ദൈവത്തിന്റെ സ്വരൂപത്തെ പ്രകടമാക്കുന്നവരായ പുരോഹിതന്മാർ ദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയും ആണ്. ഇതാണ് മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവത്തിന്റെ പ്രാരംഭ ഉദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടിയുള്ള രാജകീയ പുരോഹിതവർഗം (ഉല്പ. 1:26-28). ഈ രാജകീയ പുരോഹിതവർഗം ഇന്നത്തെ സഭാജീവിതത്തിൽ അഭ്യസിക്കപ്പെടുന്നു (വെളി. 5:10). ഇത് സഹസ്രാബ്ദരാജ്യത്തിൽ തീവ്രമായി അനുഷ്ഠിക്കപ്പെടുകയും (20:6), പുതിയ യെരൂശലേമിൽ ആത്യന്തികമായി പരിണിതിപ്രാപിക്കുകയും ചെയ്യും (22:3, 5).

വെളിപ്പാട് പുസ്തകം സഭയുടെ മനോഹരവും ആശ്ചര്യകരവുമായ ഒരു പരിസമാപ്തിയും നല്കുന്നു. ഈ പുസ്തകത്തിൽ ദൈവത്തിന്റെ വ്യവസ്ഥയെയും, ക്രിസ്തുവിന്റെ വീണ്ടെടുപ്പിനെയും, സഭയുടെ സാക്ഷ്യത്തെയും നാം കാണുന്നു. വെളിപ്പാട് പുസ്തകം കൂടാതെ, സഭ ക്രിസ്തുവിന്റെ സാക്ഷ്യമാണെന്നു തിരിച്ചറിയാതെ നമുക്കു വീണ്ടും വീണ്ടും ലേഖനങ്ങൾ വായിക്കുവാൻ കഴിയും. ഇരുണ്ട രാത്രിയിൽ പ്രകാശിക്കുന്ന നിലവിളക്കുകളായി സഭകളെ ഏതു ലേഖനത്തിലാണു നാം കാണുന്നത്? വെളിപ്പാട് പുസ്തകത്തിൽ മാത്രമേ നാം ഇതു കാണുന്നുള്ളൂ. വെളിപ്പാട് പുസ്തകത്തിൽ, സഭകൾ ഒന്നാമത് പ്രകാശിക്കുന്ന നിലവിളക്കുകളാണ്. ഒടുവിൽ, നിത്യതയിൽ, സഭ ഒരു സ്വർണ മലയായ പുതിയ യെരൂശലേം ആയിരിക്കും. ഇതാണ് സഭയുടെ മനോഹരമായ പരിണതി. ഇന്നത്തെ സാഹചര്യം ഒരു കള്ളമാണ്, നാം അതിനെ വിശ്വസിക്കരുത്. "കത്തോലിക്കാസഭ എത്ര ദുഷ്ടത നിറഞ്ഞതും പ്രൊട്ടസ്റ്റന്റ് സഭകൾ എത്ര പരിതാപകരവുമാണ്" എന്നു നാം പറയരുത്. നാം പുതിയ യെരൂശലേമിനെ കാണുന്ന മറുവശത്തെ,

നിത്യതയുടെ വശത്തെ നോക്കണം. ഇന്ന്, ഇരുണ്ട രാത്രിയുടെ സമയത്തും, നമുക്ക് പ്രകാശിക്കുന്ന നിലവിളക്കുകളുണ്ട്.

ദൈവത്തിന്റെ വ്യവസ്ഥയും, ക്രിസ്തുവിന്റെ വീണ്ടെടുപ്പും, സഭയുടെ സാക്ഷ്യവും കൂടാതെ വെളിപ്പാട് പുസ്തകം ശത്രുവിന്റെ ഉദ്ദിഷ്ടസ്ഥാനത്തെയും വെളിപ്പെടുത്തുന്നു. നമുക്ക് വെളിപ്പാട് പുസ്തകം ഇല്ലായിരുന്നുവെങ്കിൽ, സാത്താനെക്കുറിച്ചുള്ള ദൈവകല്പിതം എന്താണെന്നു നാം അറിയുകയില്ലായിരുന്നു; കൗശലക്കാരനും, ദുഷ്ടനും, അശുദ്ധനുമായ സാത്താനെ ദൈവം എന്തിനു കഴിഞ്ഞ നാളുകളിലും ഇപ്പോഴും സഹിച്ചുകൊണ്ടിരിക്കുന്നു എന്ന് ആർക്കും മനസ്സിലാക്കുവാനും കഴിയുകയില്ലായിരുന്നു. എന്നാൽ, നാം ഈ പുസ്തകത്തിലേക്കു കടക്കുകയും സാത്താനെക്കുറിച്ചുള്ള വിവരണത്തിന്റെ അവസാനം കാണുകയും ചെയ്യുന്നുവെങ്കിൽ, നാം സന്തോഷമുള്ളവരായി പാമ്പിനെ നോക്കി ചിരിക്കും. അതുകൊണ്ട്, വെളിപ്പാട് പുസ്തകത്തിൽ നമുക്ക് നാലു മുഖ്യമായ കാര്യങ്ങളുടെ—ദൈവത്തിന്റെ വ്യവസ്ഥയുടെയും, ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെയും, സഭയുടെ സാക്ഷ്യത്തിന്റെയും, സാത്താന്റെ ഉദ്ദിഷ്ടസ്ഥാനത്തിന്റെയും—ഉപസംഹാരമുണ്ട്.

## A. യോഹന്നാന്റെ എഴുത്തുകളുടെ ഉപസംഹാരം

വെളിപ്പാട് പുസ്തകം യോഹന്നാന്റെ എഴുത്തുകളുടെ ഉപസംഹാരമാണ്. യോഹന്നാന്റെ ജീവ-പഠനത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, അപ്പൊസ്തലനായ യോഹന്നാന്റെ എഴുത്തുകൾ മൂന്നു വിഭാഗങ്ങളിൽപ്പെട്ടതാണ്: അവന്റെ സുവിശേഷവും, അവന്റെ ലേഖനങ്ങളും, അവന്റെ വെളിപ്പാടും. യോഹന്നാന്റെ സുവിശേഷം ജീവന്റെ പകർച്ചയ്ക്കു വേണ്ടിയാണ്. യോഹന്നാൻ 10:10-ൽ യേശു പറഞ്ഞു, "അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു." യോഹന്നാൻ 12:24-ൽ അവൻ പറഞ്ഞു, "സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു." ഈ വാക്യങ്ങളിൽ യോഹന്നാന്റെ സുവിശേഷത്തിന്റെ കേന്ദ്രീയചിന്തയായ ജീവപ്പകർച്ചയെ നാം കാണുന്നു. യോഹന്നാന്റെ ലേഖനങ്ങളിൽ ഉള്ളത് ജീവന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള കൂട്ടായ്മയാണ്. ജീവൻ നമ്മിലേക്കു പകരപ്പെട്ടിരിക്കുന്നുവെങ്കിലും, അതു വളരേണ്ട ആവശ്യമുണ്ട്. ജീവൻ കൂട്ടായ്മയാൽ വളരുന്നു. അതുകൊണ്ട്, യോഹന്നാന്റെ ലേഖനങ്ങളിൽ ജീവന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള കൂട്ടായ്മയെ നാം കാണുന്നു. യോഹന്നാന്റെ എഴുത്തുകളിലെ അവസാന വിഭാഗമായ അവന്റെ വെളിപ്പാടിൽ, നമുക്ക് ജീവന്റെ കൊയ്ത്തുണ്ട്. ഒന്നാമതായി ജീവൻ പകരപ്പെടുന്നു,

പിന്നീട് അതു വളരുന്നു, അവസാനം അതിനെ കൊയ്യുന്നു. വെളിപ്പാട് പുസ്തകം കൂടാതെ, നമുക്ക് ജീവന്റെ പകർച്ചയും ജീവന്റെ വളർച്ചയും ഉണ്ടായിരിക്കുമെങ്കിലും, ജീവന്റെ കൊയ്ത്ത് ഉണ്ടായിരിക്കുകയില്ല.

## B. പുതിയനിയമത്തിന്റെ ഉപസംഹാരം

വെളിപ്പാട് പുസ്തകം സുവിശേഷങ്ങളും, പ്രവൃത്തികളും, ലേഖനങ്ങളും, വെളിപ്പാടും അടങ്ങുന്ന പുതിയനിയമത്തിന്റെ ഉപസംഹാരവുമാണ്. സുവിശേഷങ്ങളിൽ ജീവന്റെ വിത്ത് വിതയ്ക്കുന്നത് നാം കാണുന്നു; പത്രൊസിനെയും യോഹന്നാനെയും പോലെയുള്ള ഒരു ചെറിയ കൂട്ടം ആളുകളിലേക്ക് അവനെത്തന്നെ വിതച്ചുകൊണ്ട്, ജീവന്റെ വിത്തായി അവനെത്തന്നെ മനുഷ്യത്വത്തിലേക്കു വിതയ്ക്കുവാൻ സുവിശേഷങ്ങളിൽ യേശു വന്നു. പ്രവൃത്തികളിൽ ജീവന്റെ പ്രചരണമാണുള്ളത്. ലേഖനങ്ങളിൽ ജീവന്റെ വളർച്ചയെ നാം കാണുന്നു. പൗലൊസും, പത്രൊസും, യോഹന്നാനും, മറ്റുള്ളവരും എഴുതിയ സകല ലേഖനങ്ങളുടെയും കേന്ദ്രീയവിഷയം ജീവന്റെ വളർച്ചയാണ്. നാം എല്ലാവരും ജീവനിൽ വളരേണ്ടത് ആവശ്യമാണ്. വെളിപ്പാടിൽ ഒരിക്കൽകൂടി ജീവന്റെ വിളവെടുപ്പിനെ നാം കാണുന്നു. വെളിപ്പാട് പതിന്നാലാം അധ്യായത്തിൽ നമുക്ക് ഒരു വിളഞ്ഞ നിലവും ഒരു വിളവെടുപ്പും ഉണ്ട്. വെളിപ്പാട് 14:15 പറയുന്നു, "മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്ന് പുറത്തുവന്നു, മേഘത്തിന്മേൽ ഇരിക്കുന്നവനോട്, നിന്റെ അരിവാൾ അയച്ചു കൊയ്യുക, ഭൂമിയിലെ കൊയ്ത്തു വിളഞ്ഞുണങ്ങിയിരിക്കുന്നതിനാൽ കൊയ്യുവാനുള്ള നാഴിക വന്നിരിക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു." വെളിപ്പാട് 14-ൽ, മുഴുവൻ നിലവും വിളഞ്ഞിരിക്കുന്നു. വെളിപ്പാട് പുസ്തകം പുതിയനിയമത്തിന്റെ ഉപസംഹാരമാണെന്ന് ഇതിലൂടെ നാം കാണുന്നു.

## C. മുഴുവൻ വേദപുസ്തകത്തിന്റെയും ഉപസംഹാരം

വേദപുസ്തകത്തിലെ അവസാനത്തെ പുസ്തകമെന്ന നിലയിൽ വെളിപ്പാട് പുസ്തകം മുഴുവൻ ദിവ്യവെളിപാടിന്റെ, മുഴുവൻ വേദപുസ്തകത്തിന്റെ, ഉപസംഹാരവും പൂർത്തീകരണവും പരിണതിയും ആണ്. വേദപുസ്തകത്തിന് ഇങ്ങനെ ഒരു ഉപസംഹാരം ആവശ്യമാണ്. ദിവ്യവെളിപാടിലെ മിക്ക സത്യങ്ങളുടെയും വിത്തുകൾ വേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകമായ ഉല്പത്തിയിൽ വിതയ്ക്കപ്പെട്ടു. ഈ സകല വിത്തുകളുടെയും വളർച്ച തുടർന്നുള്ള പുസ്തകങ്ങളിൽ, പ്രത്യേകിച്ചും പുതിയനിയമ പുസ്തകങ്ങളിൽ, പുരോഗമനാത്മകമായി വികാസംപ്രാപിക്കുകയും, വെളിപ്പാട് പുസ്തകത്തിൽ വിളവ് കൊയ്യുകയും ചെയ്യു.

ഉദാഹരണത്തിന്, ഉല്പത്തിയിൽ പാമ്പിന്റെ വിത്തും, വെളിപ്പാട് പുസ്തകത്തിൽ പാമ്പിന്റെ വിളവെടുപ്പും ഉണ്ട്. ഇക്കാരണത്താൽ, ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മിക്കവാറും എല്ലാ കാര്യങ്ങളും തികച്ചും പുതിയതല്ല, പിന്നെയോ വേദപുസ്തകത്തിലെ മുമ്പിലത്തെ പുസ്തകങ്ങളിലേക്ക് പരാമർശിക്കുന്നു. ഉല്പത്തിയിൽ ദിവ്യവെളിപാടിന്റെ വിത്തും, തുടർന്നുള്ള പുസ്തകങ്ങളിൽ ദിവ്യവെളിപാടിന്റെ പുരോഗമനാത്മകമായ വികാസവും, വെളിപ്പാടിൽ ദിവ്യവെളിപാടിന്റെ വിളവെടുപ്പും ഉണ്ട്. അതുകൊണ്ട്, നാം എല്ലാവരും ഈ പുസ്തകത്തിലേക്കു കടക്കുകയും അതിനെ അറിയുകയും ചെയ്യണം. ഈ പുസ്തകത്തെ നാം അറിയുന്നില്ലെങ്കിൽ, ദൈവത്തിന്റെ വെളിപാടിനെക്കുറിച്ച് നമുക്ക് വ്യക്തത ഉണ്ടായിരിക്കുകയില്ല. നമ്മുടെ യാത്രകളിൽ, നമ്മുടെ ഉദ്ദിഷ്ടസ്ഥാനത്ത് നാം എത്തുന്നതുവരെ വഴിയെയും പാതയെയുംകുറിച്ച് മിക്കപ്പോഴും നമുക്ക് വ്യക്തതയില്ല. നമ്മുടെ ഉദ്ദിഷ്ടസ്ഥാനത്ത് നാം എത്തിയശേഷം നാം എടുത്ത വഴിയെ തിരിഞ്ഞുനോക്കുമ്പോൾ നാം വളരെ വ്യക്തതയുള്ളവരായിത്തീരുന്നു. വെളിപ്പാട് പുസ്തകത്തിൽ വേദപുസ്തകത്തിന്റെ ഉദ്ദിഷ്ടസ്ഥാനത്ത് നാം എത്തിച്ചേരുന്നു. ഈ ഉദ്ദിഷ്ടസ്ഥാനത്ത് നാം എത്തിയിരിക്കയാൽ, ഈ ദിവ്യപുസ്തകത്തെ മനസ്സിലാക്കുവാൻ നമുക്കു കഴിയും.

## II. ഉള്ളടക്കം

ഇനി നാം വെളിപ്പാടിന്റെ ഉള്ളടക്കത്തിലേക്കു വരുന്നു. ഈ പുസ്തകത്തിന്റെ ഉള്ളടക്കം തവളകളും, തേളുകളും, വെട്ടുക്കിളികളും, കൊമ്പുകളും, പാമ്പുകളും, കുതിരകളുമാണെന്ന് ചിന്തിക്കരുത്. ഇതിന്റെ ഉള്ളടക്കം കേവലം ഏഴു മുദ്രകളും, ഏഴു കാഹളങ്ങളും, ഏഴു കലശങ്ങളും ആണെന്നുപോലും നാം പറയരുത്. അല്ല, ഈ പുസ്തകം മുഖ്യമായി ഈ കാര്യങ്ങളെ സംബന്ധിക്കുന്നതല്ല. വെളിപ്പാട് പുസ്തകം ഒന്നാമത് ക്രിസ്തുവിനെ സംബന്ധിക്കുന്ന ഒരു പുസ്തകവും, രണ്ടാമത് സഭയെ സംബന്ധിക്കുന്ന ഒരു പുസ്തകവും, മൂന്നാമത് ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിക്കുന്ന ഒരു പുസ്തകവും ആണ്.

### A. ക്രിസ്തുവിന്റെ വെളിപാട്—നിസ്തുലവും ആത്യന്തികവും

മുഴുവൻ വേദപുസ്തകവും ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. വേദപുസ്തകത്തിന്റെ ഉപസംഹാരവും, പൂർത്തീകരണവും, പരിണതിയും എന്ന നിലയിൽ വെളിപ്പാട് പുസ്തകം പ്രത്യേകിച്ചും "യേശു ക്രിസ്തുവിന്റെ വെളിപാടാണ്" (1:1). ഈ പുസ്തകം മറ്റനേകം കാര്യങ്ങളെ വെളിപ്പെടുത്തുന്നുവെങ്കിലും, അതിലെ വെളിപാടിന്റെ ദൃഷ്ടികേന്ദ്രം ക്രിസ്തു ആണ്. സഭകളുടെ നടുവിൽ, സ്നേഹത്തിൽ

അവയ്ക്കുവേണ്ടി കരുതുന്നുവെങ്കിലും ന്യായംവിധിക്കുന്ന മനോഭാവത്തോടുകൂടെ, നിൽക്കുന്ന മഹാപുരോഹിതൻ എന്ന നിലയിലുള്ള അവന്റെ ദർശനം (1:13-16), ദൈവത്തിന്റെ സാർവത്രിക ഭരണകൂടത്തിന്റെ ഏഴു മുദ്രകൾ തുറന്നുകൊണ്ട്, ദൈവത്തിന്റെ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും പ്രപഞ്ചത്തിലെ ഇരുപത്തിനാലു മൂപ്പന്മാരുടെയും മധ്യത്തിലും നിൽക്കുന്ന സിംഹ-കുഞ്ഞാട് എന്ന നിലയിലുള്ള അവന്റെ ദർശനം, (5:1—6:1), ഭൂമിയെ കൈവശമാക്കുന്നതിന് സ്വർഗത്തിൽനിന്നും ഇറങ്ങിവരുന്ന ശക്തനായ മറ്റൊരു ദൂതൻ എന്ന നിലയിലുള്ള അവന്റെ ദർശനം (10:1-8; 18:1), എന്നിങ്ങനെ ക്രിസ്തുവിന്റെ നിരവധി വശങ്ങൾ വെളിപ്പാട് പുസ്തകത്തിൽ അനാവരണം ചെയ്തിരിക്കുന്നതുപോലെ മറ്റൊരിടത്തും ചെയ്തിട്ടില്ല. ഈ പുസ്തകത്തിൽ, ക്രിസ്തുവിന്റെ വെളിപാട് നിസ്തുലവും ആത്യന്തികവും ആണ്. സുവിശേഷങ്ങളിലും, പ്രവൃത്തികളിലും, ലേഖനങ്ങളിലും ക്രിസ്തുവിന് ഏഴു കണ്ണുകളുണ്ടെന്ന് നാം കാണുന്നില്ല, എന്നാൽ ഇത് വെളിപ്പാട് പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു (5:6). നമ്മുടെ രക്ഷകനായ ക്രിസ്തുവിന് ഏഴു കണ്ണുകളുണ്ട്. എത്ര ഭയാനകം! ക്രിസ്തുവിന്റെ ഈ വെളിപാട് നിസ്തുലമാണ്. "കൃപയുടെ വചനങ്ങൾ" ക്രിസ്തുവിന്റെ വായിൽനിന്നു പുറപ്പെട്ടുവെന്ന് ലൂക്കൊസ് 4:22-ൽ നമ്മോടു പറഞ്ഞിരിക്കുന്നു. എന്നാൽ വെളിപ്പാട് 1:16-ൽ മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ അവന്റെ വായിൽനിന്നു പുറപ്പെടുന്നുവെന്ന് പറഞ്ഞിരിക്കുന്നു. കൂടാതെ, തന്റെ സുവിശേഷത്തിൽ യോഹന്നാൻ പറയുന്നു, "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്" (1:29). എന്നാൽ വെളിപ്പാടിൽ മൂപ്പന്മാരിൽ ഒരുവൻ പറയുന്നു, "യെഹൂദാഗോത്രത്തിലെ സിംഹം" (5:5). ഇക്കാരണത്താൽ, ഈ പുസ്തകത്തിലെ ക്രിസ്തുവിന്റെ വെളിപാട് നിസ്തുലമാണ്. വെളിപ്പാട് പുസ്തകത്തിൽ അവനെ അനാവരണം ചെയ്തിരിക്കുന്നതുപോലെ മറ്റൊരു പുസ്തകത്തിലും ചെയ്തിട്ടില്ല. വെളിപ്പാടിലെ ഉള്ളടക്കത്തിന്റെ ഒന്നാമത്തെ കാര്യം നിസ്തുലനായ ഈ ക്രിസ്തുവാണ്.

Mon

## B. യേശുവിന്റെ സാക്ഷ്യം—പ്രത്യേകവും പരമവും

ഒരുവശത്ത്, ഈ പുസ്തകം "ക്രിസ്തുവിന്റെ വെളിപാട്" നമുക്കു തരുന്നു, മറുവശത്ത്, അതു നമ്മെ "യേശുവിന്റെ സാക്ഷ്യത്തെ" കാണിക്കുന്നു: ഇത് പ്രത്യേകവും പരമവും ആണ് (1:2, 9; 12:17; 19:10; 20:4). യേശുവിന്റെ സാക്ഷ്യം സഭയാണ്. വെളിപ്പെട്ട ക്രിസ്തുവിനെയും സാക്ഷ്യപ്പെടുത്തുന്ന സഭയെയും വെളിപ്പാട് പുസ്തകം അവതരിപ്പിക്കുന്നു. ഈ പുസ്തകത്തിൽ നമുക്ക് സഭയുടെ പ്രത്യേകവും പരമവുമായ വിവരണം ഉണ്ട്. വെളിപ്പാട് പുസ്തകത്തിൽ സഭയെ വെളിപ്പെടുത്തിയിട്ടുള്ളതുപോലെ മറ്റൊരു പുസ്തകത്തിലും

വെളിപ്പെടുത്തിയിട്ടില്ല. ഒന്നാം അധ്യായത്തിലെ നിലവിളക്കുകളും, ഏഴാം അധ്യായത്തിലെ വീണ്ടെടുക്കപ്പെട്ട വലിയ പുരുഷാരവും, പന്ത്രണ്ടാം അധ്യായത്തിലെ ആൺകുട്ടിയോടുകൂടിയ ശോഭയേറിയ സ്ത്രീയും, പതിനഞ്ചാം അധ്യായത്തിലെ പളുങ്കുകടലിന്മേൽ നിൽക്കുന്ന ജയാളികളും, പത്തൊമ്പതാം അധ്യായത്തിലെ വിവാഹത്തിനായി ഒരുങ്ങിയിരിക്കുന്ന മണവാട്ടിയും ക്രിസ്തുവിന്റെ പോരാടുന്ന സൈന്യവും, ഇരുപത്തിയൊന്നും ഇരുപത്തിരണ്ടും അധ്യായങ്ങളിലെ പുതിയ യെരൂശലേമും എല്ലാം യേശുവിന്റെ സാക്ഷ്യമാണ്. യേശുവിന്റെ സാക്ഷ്യം പ്രവചനത്തിന്റെ ആത്മാവാണ്—പ്രവചനത്തിന്റെ സാരാംശവും സ്വഭാവവും സവിശേഷതയും (19:10). ക്രിസ്തു സാക്ഷിയും (1:5), സാക്ഷ്യവും, ദൈവത്തിന്റെ ആവിഷ്കാരവും ആണ്, സഭ സാക്ഷ്യവും, ക്രിസ്തുവിന്റെ ആവിഷ്കാരവും ആണ്. ആയതിനാൽ, സഭ സാക്ഷ്യത്തിന്റെ പുനരുല്പാദനവും, ക്രിസ്തുവിൽ ദൈവത്തിന്റെ ആവിഷ്കാരവും ആണ്. ഈ പുസ്തകത്തിലെ സഭയുടെ പ്രത്യേകമായ വെളിപാട് വളരെ നിർണായമാണ്, നാം എല്ലാവരും അതു കാണണം.

## C. ദൈവത്തിന്റെ വ്യവസ്ഥ—സാർവത്രികവും നിത്യവും

വെളിപാട് പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ ദൈവത്തിന്റെ വ്യവസ്ഥയും ഉൾപ്പെടുന്നു. ദൈവത്തിന്റെ വ്യവസ്ഥ അവന്റെ സാർവത്രികവും നിത്യവുമായ ഭരണനിർവഹണമാണ്. വെളിപാട് പുസ്തകത്തിൽ തന്റെ വ്യവസ്ഥ നടപ്പാക്കുന്നതിനു വേണ്ടിയുള്ള ദൈവത്തിന്റെ സാർവത്രികവും നിത്യവുമായ ഭരണനിർവഹണത്തെ നാം കാണുന്നു. സ്ഥലം സംബന്ധിച്ച് അവന്റെ ഭരണനിർവഹണം സാർവത്രികവും സമയം സംബന്ധിച്ച് അതു നിത്യവും ആണ്.

### *1. ഏഴു മുദ്രകൾ*

ദൈവത്തിന്റെ ഭരണനിർവഹണത്തിലെ ഒന്നാമത്തെ ഗണത്തിലുള്ള കാര്യം ഏഴു മുദ്രകളാണ്. മുദ്ര സൂചിപ്പിക്കുന്നത് എന്തോ ഒന്ന് അടച്ചും മറയ്ക്കപ്പെട്ടും ജനത്തിനു തുറന്നുകൊടുക്കാതെയും ഇരിക്കുന്നു എന്നാണ്. ആദ്യത്തെ നാലു മുദ്രകൾ ക്രിസ്തുവിന്റെ ആരോഹണം മുതൽ ഈ യുഗത്തിന്റെ അവസാനം വരെയുള്ള ലോകത്തിന്റെ ചരിത്രത്തെ വിവരിക്കുന്നു (6:1-8). ഈ ചരിത്രം ചുരുക്കമെങ്കിലും സർവവും ഉൾക്കൊള്ളുന്ന വിധത്തിൽ ഈ നാലു മുദ്രകളിൽ വിവരിച്ചിട്ടുണ്ട്. ഈ മുദ്രകൾ തുറക്കുന്നതോടുകൂടി നാം നാലു കുതിരകളെ കാണുന്നു, ഓരോന്നിലും ഒരു സവാരിക്കാരനുണ്ട്. ഒന്നാമത്തെ കുതിരയുടെ സവാരിക്കാരൻ സുവിശേഷപ്രസംഗവും, രണ്ടാമത്തെ സവാരിക്കാരൻ യുദ്ധവും, മൂന്നാമത്തെ സവാരിക്കാരൻ

ക്ഷാമവും, നാലാമത്തെ സവാരിക്കാരൻ മരണവും ആണ്. തന്മൂലം, ഈ നാലു മുദ്രകളിൽ നമുക്ക് സുവിശേഷവും, യുദ്ധവും, ക്ഷാമവും, മരണവും ഉണ്ട്. നിങ്ങൾക്ക് ലോകത്തിന്റെ ചരിത്രം അറിയാമെങ്കിൽ, കൃത്യമായും ഇതുതന്നെയായിരുന്നു കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലെ സാഹചര്യമെന്ന് നിങ്ങൾ മനസ്സിലാക്കും. ക്രിസ്തുവിന്റെ ആരോഹണം മുതൽ സുവിശേഷം പ്രസംഗിക്കപ്പെടുന്നു.

നൂറ്റാണ്ടുകളിലുടനീളം, സുവിശേഷപ്രസംഗത്തോടൊപ്പം യുദ്ധവും ഉണ്ടായിരുന്നു. A.D. 70-ൽ യെരൂശലേം പട്ടണത്തെ നശിപ്പിക്കുവാൻ റോമാചക്രവർത്തി അതിന്റെ സൈന്യത്തെ അയച്ചതുമുതൽ നൂറ്റാണ്ടുതോറും യുദ്ധം തീവ്രമാകുകയായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒന്നാം ലോകമഹായുദ്ധവും അതിനെ തുടർന്ന് വളരെയധികം തീവ്രമാക്കപ്പെട്ട രണ്ടാം ലോകമഹായുദ്ധവും ഉണ്ടായിരുന്നു. യുദ്ധം എപ്പോഴും ക്ഷാമത്തിനു കാരണമായിത്തീരുകയും, ക്ഷാമം മരണത്തെ കൊണ്ടുവരികയും ചെയ്യുന്നു. ഈ നാലു കുതിരകളാണ് ആദ്യത്തെ നാലു മുദ്രകളുടെ ഉള്ളടക്കം.

അഞ്ചാമത്തെ മുദ്ര രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിയെ വിവരിക്കുന്നു (6:9-11). ഇത് ഈ യുഗത്തിന്റെ അവസാനത്തോടടുത്തും മഹോപദ്രവത്തിന്റെ ആരംഭത്തിനടുത്തും സംഭവിക്കും. നൂറ്റാണ്ടുകളിലുടനീളം സുവിശേഷം പ്രസംഗിച്ചതുനിമിത്തം അനേകം വിശുദ്ധന്മാർ രക്തസാക്ഷികളായി. ഈ യുഗത്തിന്റെ അവസാനത്തോടടുത്ത് രക്തസാക്ഷികളായ ഈ വിശുദ്ധന്മാർ പ്രതികാരത്തിനുവേണ്ടി ദൈവത്തോടു നിലവിളിക്കും.

മഹോപദ്രവത്തിന്റെ സമയത്തോട് വളരെയടുത്തു സംഭവിക്കുന്ന ആറാമത്തെ മുദ്ര ആകാശത്തെയും ഭൂമിയെയും കുലുക്കുന്നതിനെ വിവരിക്കുന്നു (6:12-17). ആറാം മുദ്ര തുറക്കുന്ന സമയം ഒരു വലിയ ഭൂകമ്പം ഉണ്ടാകും (6:12), അത് ഭൂമിയിൽ വസിക്കുന്നവർക്ക് ഒരു മുന്നറിയിപ്പായിരിക്കും. ചില ദുഷ്ടന്മാർ പറയുന്നു, "ആരാണ് ദൈവം? ഞങ്ങളാണ് ദൈവം!" അവർ ദൈവമാണെന്ന് അവർ പറയുന്നുണ്ടാകാമെങ്കിലും, യഥാർഥ ദൈവം അവരുടെ വാസസ്ഥലത്തെ ഇളക്കുവാൻ വരുമ്പോൾ ദൈവം ആരാണെന്ന് അവർ അറിയും. "മിസ്റ്റർ ലീ, നീ ദൈവത്തെക്കുറിച്ച് പ്രസംഗിക്കുന്നു. നമ്മളാണ് ദൈവമെന്ന് നിനക്കറിയില്ലേ?" എന്നു പറഞ്ഞുകൊണ്ട് എന്നോടു തർക്കിച്ചിട്ടുള്ള ചിലരെ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. "ആരാണ് ദൈവമെന്നു നമുക്കു നോക്കാം. ദൈവത്തിന് ഒരു അളവോളം സഹിഷ്ണുത ഉണ്ടെങ്കിലും അവന്റെ സഹിഷ്ണുതയ്ക്ക് പരിമിതിയുണ്ട്. ഒരു ദിവസം നീ അവന്റെ സഹിഷ്ണുതയെ ശേഷിപ്പിക്കാതിരിക്കുകയും, അവന്റെ ചെറുവിരൽ ഭൂമിയെ കുലുക്കുകയും ചെയ്യും. അപ്പോൾ ദൈവം ആരെന്നു

നീ അറിയും" എന്നു ഞാൻ ഉത്തരം പറഞ്ഞു. മഹോപദ്രവം തുടങ്ങുന്നതിനുമുമ്പ് ഒരു ദൈവമുണ്ടെന്ന് ഭൂമിയിൽ വസിക്കുന്ന എല്ലാവരെയും ഓർമ്മപ്പെടുത്തിക്കൊണ്ട് ദൈവം അവർക്ക് ഒരു മുന്നറിയിപ്പ് അയയ്ക്കും. ആറാം മുദ്രയുടെ സമയത്ത് ദൈവം ഭൂമിയെ മാത്രമല്ല, ആകാശത്തെയും കുലുക്കും. വെളിപ്പാട് 6:12-13 പറയുന്നു, "ഒരു വലിയ ഭൂകമ്പം ഉണ്ടായി, സൂര്യൻ രോമംകൊണ്ട് ഉണ്ടാക്കിയ രട്ടുപോലെ കറുപ്പായിത്തീർന്നു, ചന്ദ്രൻ മുഴുവനും രക്തം പോലെയായി; അത്തിവൃക്ഷം വലിയ കാറ്റിനാൽ കുലുങ്ങുമ്പോൾ അതിന്റെ പാകമാകാത്ത അത്തിപ്പഴം ഉതിർക്കുന്നതുപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു." ആ സമയം ദുഷ്ടന്മാർക്ക് നിഗളത്തോടെ ജീവിക്കുവാൻ അനുയോജ്യമല്ലാത്ത ഒരു ഇടമായിരിക്കും ഭൂമി.

മനസ്സിലാക്കുവാൻ ഏറ്റവും പ്രയാസമുള്ള മുദ്ര ഏഴാമത്തേതാണ്. നിത്യതയോളം നിലനിൽക്കുന്ന ഏഴാമത്തെ മുദ്രയിൽ ഏഴു കാഹളങ്ങൾ അടങ്ങിയിരിക്കുന്നു. കാഹളങ്ങളെ മുദ്രകളുമായി കൂട്ടിക്കുഴയ്ക്കരുത്. മുദ്രകൾ രഹസ്യമാണ്, എന്നാൽ കാഹളങ്ങൾ പരസ്യമാണ്. നിങ്ങൾ എന്തെങ്കിലും മുദ്രവയ്ക്കുമ്പോൾ അതിനെ രഹസ്യവും സ്വകാര്യവും ആക്കുന്നു, എന്നാൽ നിങ്ങൾ കാഹളം ഊതുമ്പോൾ അതിനെ പരസ്യമാക്കുന്നു.

## *2. ഏഴു കാഹളങ്ങൾ—ഏഴാം മുദ്രയുടെ ഉള്ളടക്കം*

ഏഴു കാഹളങ്ങൾ ഏഴാം മുദ്രയുടെ ഉള്ളടക്കമാണ്. ആദ്യത്തെ നാലു കാഹളങ്ങൾ ഭൂമിയിലും, സമുദ്രത്തിലും, നദികളിലും, സൂര്യനിലും, ചന്ദ്രനിലും, നക്ഷത്രങ്ങളിലുമുള്ള ന്യായവിധികളാണ് (8:7-12). ആദ്യത്തെ നാലു കാഹളങ്ങളിലെ ന്യായവിധികളുടെ ഫലമായി ഭൂമി ഇനിമേൽ ജനത്തിന് ജീവിക്കുവാൻ അനുയോജ്യമായ സ്ഥലമല്ലായിരിക്കും. മനുഷ്യരുടെമേലുള്ള ന്യായവിധി എന്ന നിലയിൽ ഒന്നാമത്തെ കഷ്ടമായ അഞ്ചാം കാഹളം മഹോപദ്രവത്തിന്റെ ആരംഭമായിരിക്കും (8:13—9:11). നാം കാണുവാൻ പോകുന്നതുപോലെ, മഹോപദ്രവം ഭയാനകമായിരിക്കും. മനുഷ്യരുടെമേൽ തുടർന്നുള്ള ന്യായവിധിയെന്ന നിലയിൽ രണ്ടാമത്തെ കഷ്ടമായ ആറാം കാഹളം മഹോപദ്രവത്തിന്റെ ഒരു ഭാഗമാണ് (9:12-21). ഏഴാമത്തെ കാഹളം വളരെ സങ്കീർണ്ണമാണ്. അതിൽ ക്രിസ്തുവിന്റെ നിത്യരാജ്യവും, ഏഴു കലശങ്ങളുൾപ്പെടുന്ന മൂന്നാമത്തെ കഷ്ടവും, മരിച്ചവരുടെ ന്യായവിധിയും, വിശുദ്ധന്മാർക്കും ദൈവഭയമുള്ള ജനത്തിനും പ്രതിഫലം കൊടുക്കുന്നതും, ഭൂമിയെ നശിപ്പിക്കുന്നവരുടെ നാശവും അടങ്ങുന്നു (11:14-18). ഏഴാം കാഹളത്തിന്റെ രണ്ടാമത്തെ കാര്യമായ മൂന്നാമത്തെ കഷ്ടമായിരിക്കും മഹോപദ്രവത്തിന്റെ അവസാനം. ഇതിനുശേഷം, പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും

ദൈവത്തിന്റെ നാമത്തെ ഭയപ്പെടുന്നവർക്കും പ്രതിഫലം കൊടുക്കും. തലമുറകളിലുടനീളമായി ഈ മൂന്നു വിഭാഗം ജനങ്ങൾ ഉളവായിരിക്കുന്നു. പ്രവാചകന്മാർ മിക്കവരും പഴയനിയമത്തിൽനിന്നു വരുന്നവരും, വിശുദ്ധന്മാർ മിക്കവരും പുതിയനിയമത്തിൽനിന്നു വരുന്നവരും, ദൈവനാമത്തെ ഭയപ്പെടുന്നവർ മഹോപദ്രവത്തിന്റെ സമയം ഉളവാക്കപ്പെടുന്നവരും ആയിരിക്കും. ഏഴാമത്തെ കാഹളത്തിൽ ഈ മൂന്നു ഗണത്തിൽപ്പെടുന്ന ജനങ്ങൾക്ക് കർത്താവു പ്രതിഫലം നല്കുന്നത് ഉൾപ്പെടുന്നു. ഏഴാമത്തെ കാഹളത്തിൽ മരിച്ചവരുടെ ന്യായവിധിയും ഭൂമിയെ നശിപ്പിക്കുന്നവരുടെ നാശവും കൂടി ഉൾപ്പെടുന്നു. ഭൂമിയെ നശിപ്പിക്കുന്നവർ സാത്താനും, എതിർക്രിസ്തുവും, കള്ളപ്രവാചകനും, അവരുടെ സകല അനുയായികളും ആണ്. ഇക്കാരണത്താൽ, ഏഴാമത്തെ കാഹളത്തിൽ മഹോപദ്രവത്തിന്റെ അവസാനംമുതൽ നിത്യതവരെയുള്ള സകലവും ഉൾപ്പെടുന്നു.

### *3. ഏഴു കലശങ്ങൾ*

മനുഷ്യരുടെമേലുള്ള ദൈവകോപത്തിന്റെ അവസാനത്തെ ബാധകളുള്ള, ഏഴാം കാഹളത്തിലെ പ്രതിലോമ ഉള്ളടക്കങ്ങളുടെ ഭാഗമായ ഏഴു കലശങ്ങൾ മഹോപദ്രവത്തിന്റെ അവസാനമായിരിക്കും (15:1, 6-8; 16:1-21). ഏഴു മുദ്രകളും ഏഴു കാഹളങ്ങളുമെന്നപോലെ ഏഴു കലശങ്ങളും ആദ്യത്തെ നാലിന്റെ ഒരു കൂട്ടവും, പിന്നെ അഞ്ചും, ആറും, ഏഴും ചേരുന്നതാണ്. ഈ വർഗ്ഗീകരണം വളരെ അർഥവത്താണ്. തീർച്ചയായും വെളിപ്പാട് പുസ്തകത്തിന്റെ എഴുത്തുകാരൻ ദൈവമായിരിക്കണം. ഇതെഴുതുവാൻ ആവശ്യമായ ജ്ഞാനം മറ്റാർക്കാണുള്ളത്? യോഹന്നാന്റെ സങ്കല്പത്തിനനുസരിച്ചാണ് ഈ പുസ്തകം എഴുതിയതെങ്കിൽ, യോഹന്നാൻ ദൈവമായിരിക്കണം. വെളിപ്പാട് പുസ്തകം തീർച്ചയായും ആശ്ചര്യകരമായ ഒരു രീതിയിൽ രചിക്കപ്പെട്ടതാണ്.

## III. വിഭാഗങ്ങൾ

വെളിപ്പാട് പുസ്തകത്തിന് അഞ്ചു വിഭാഗങ്ങളുണ്ട്: ആമുഖവും (1:1-8), കണ്ട കാര്യങ്ങളും (1:9-20), ഉള്ള കാര്യങ്ങളും (2:1—3:22), വരുവാനുള്ള കാര്യങ്ങളും (4:1—22:5), ഉപസംഹാരവും (22:6-21). ആമുഖത്തിൽ നമുക്ക് ക്രിസ്തുവിന്റെ വെളിപാടും യേശുവിന്റെ സാക്ഷ്യവും ഉണ്ട്. വെളിപ്പാട് പുസ്തകത്തിൽ ദൈവത്തിന്റെ വ്യവസ്ഥ ഉൾപ്പെടുന്നുവെങ്കിലും, ദൈവത്തിന്റെ വ്യവസ്ഥയല്ല ഈ പുസ്തകത്തിന്റെ നിർണായക ദൃഷ്ടികേന്ദ്രം. വെളിപ്പാട് പുസ്തകത്തിന്റെ ദൃഷ്ടികേന്ദ്രമായ രണ്ടു നിർണായക കാര്യങ്ങൾ ക്രിസ്തുവും സഭയുമാണ്, അതായത്, ക്രിസ്തുവിന്റെ വെളിപാടും

യേശുവിന്റെ സാക്ഷ്യവും ആണ്. ഈ ആമുഖത്തിനുശേഷം നമുക്ക് കണ്ട കാര്യങ്ങളുണ്ട്—ഏഴു നിലവിളക്കുകളും, ഏഴു നക്ഷത്രങ്ങളോടുകൂടെയുള്ള മനുഷ്യപുത്രനും. പിന്നീട്, രണ്ടും മൂന്നും അധ്യായങ്ങളിൽ നമുക്ക് ഉണ്ടായിരുന്ന കാര്യങ്ങളുണ്ട്—ഏഴു സ്ഥലം സഭകൾ. വരുവാനുള്ള കാര്യങ്ങൾ വിവരിക്കുന്ന അടുത്ത വിഭാഗത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാമത്തെ ഭാഗത്തിൽ (4:1—11:19) ക്രിസ്തുവിന്റെ ആരോഹണം മുതൽ ഭാവികാല നിത്യതവരെ വരുവാനുള്ള കാര്യങ്ങളുടെ പൊതുവായ വീക്ഷണം അടങ്ങിയിരിക്കുന്നു. രണ്ടാമത്തെ ഭാഗത്തിൽ (12:1—22:5), ഒന്നാമത്തെ ഭാഗത്തിൽ വിവരിച്ച പ്രധാന കാര്യങ്ങളുടെ വിശദാംശം കാണുവാൻ നമുക്കു കഴിയും. ഈ രണ്ടു ഭാഗങ്ങൾ ഉല്പത്തി ഒന്നും രണ്ടും അധ്യായങ്ങളോട് ഒത്തിരിക്കുന്നു. ഉല്പത്തി 1-ൽ നമുക്ക് ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ഒരു പൊതുവായ വിവരണവും, ഉല്പത്തി 2-ൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ വിശദാംശങ്ങളും ഉണ്ട്. അതേ തത്ത്വത്തിൽ, 4:1 മുതൽ 11:19 വരെ നമുക്ക് വരുവാനുള്ള സകല കാര്യങ്ങളുടെയും പൊതുവായ ഒരു വീക്ഷണവും, 12:1 മുതൽ 22:5 വരെ വരുവാനുള്ള കാര്യങ്ങളുടെ വിശദാംശങ്ങളും ഉണ്ട്. അവസാനത്തെ പതിനൊന്ന് അധ്യായങ്ങളെ ആദ്യത്തെ പതിനൊന്ന് അധ്യായങ്ങളുടെ തുടർച്ചയായി കരുതരുത്, കാരണം, വരുവാനുള്ള കാര്യങ്ങളുടെ പൊതുവായ വീക്ഷണം പതിനൊന്നാം അധ്യയത്തിന്റെ അവസാനത്തോടെ പൂർത്തിയാകുന്നു. ഈ വിഭാഗത്തിന്റെ രണ്ടാം ഭാഗത്തിൽ അനാവരണം ചെയ്തിരിക്കുന്ന വരുവാനുള്ള കാര്യങ്ങളുടെ സകല വിശദാംശങ്ങളെയും തുടർന്ന്, വെളിപ്പാട് പുസ്തകത്തിന്റെ ഉപസംഹാരമായി നമുക്ക് 22:6-21 ഉണ്ട്.